(സി) കടലുണ്ടി മുതൽ കപ്പലങ്ങാടി വരെയുള്ള ഭാഗത്തിൽ ഉൾപ്പെട്ട തകർന്ന കടൽഭിത്തിയുടെ ഒരു കി.മീറ്റർ നീളം പുനർനിർമ്മിക്കാൻ നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്ടിൽപ്പെടുത്തി 124 ലക്ഷം രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത ഭാഗത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ഡി) ഇല്ല.

തിരുവനന്തപുരം കോർപ്പറേഷനിലെ ഡ്രെയിനേജ് സിസ്റ്റത്തിലെ വീഴ്ച

72 [1874] ശ്രീ. സി. മോയിൻകുട്ടി:

„ വി. കെ. ഇബ്രാഹിംകുഞ്ഞ്:

„ പി. കെ. അബ്ദുറബ്ബ്:

„ കളത്തിൽ അബ്ദുള്ള:

„ ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാന പട്ടണങ്ങളിൽ എല്ലാം ഡ്രെയിനേജ് സിസ്റ്റം പ്രവർത്തിക്കുന്നുണ്ടോ;

(ബി) തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽ ഡ്രെയിനേജിന് വേണ്ടി പൈപ്പുകൾ കുഴിച്ചിട്ടും പ്രവർത്തനം തുടങ്ങാതിരിക്കുന്ന സ്ഥലങ്ങൾ ഉണ്ടെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സ്ഥലങ്ങളിൽ ഡ്രെയിനേജ് പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കും;

(ഇ) ഡ്രെയിനേജ് ലൈനുകൾക്ക് സമീപമുള്ള പ്രദേശത്തെ വീടുകൾക്കും കണക്ഷൻ ലഭ്യമാക്കാൻ ചെറിയ ബ്രാഞ്ച് ലൈനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം നഗരത്തിലും, കൊച്ചി നഗരത്തിലും ഭാഗികമായി ഡ്രെയിനേജ് സിസ്റ്റം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഡ്രെയിനേജ് സിസ്റ്റം പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 'എ' ബ്ലോക്കിലെ പാരലൽ മെയിൻ ഈ മാസം അവസാനത്തോടെ പ്രവർത്തനക്ഷമമാകുന്നതാണ്. 'ഇ' ബ്ലോക്കിലെ മരുതംകുഴി, പി.റ്റി.പി. തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ ഈ സാമ്പത്തിക വർഷാവസാനത്തോടു കൂടിയും, 'ഇ' ബ്ലോക്കിലെ പേരൂർക്കട, മണ്ണാമൂല, ഊളൻപാറ, പാങ്ങോട്, ഇടപ്പഴഞ്ഞി, പാടിയറ തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ അടുത്ത സാമ്പത്തിക വർഷത്തോടുകൂടിയും കമ്മീഷൻ ചെയ്യാവുന്നതാണ്.

(ഇ) പണത്തിന്റെ ലഭ്യതയനുസരിച്ച് ബ്രാഞ്ചു ലൈൻ സ്ഥാപിച്ചു വരുന്നുണ്ട്.

തലശ്ശേരി, കണ്ണൂർ, ബേക്കൽ എന്നിവിടങ്ങളിലെ കോട്ടകളും സ്മാരകങ്ങളും പരിരക്ഷിക്കുന്നതിന് നടപടി

73 [1876] ശ്രീമതി രാധാരാഘവൻ:

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

,, എ. സുജനപാൽ:

,, കെ. മോഹൻകുമാർ:

,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി, കണ്ണൂർ, ബേക്കൽ എന്നിവിടങ്ങളിലുള്ള കോട്ടകളും സ്മാരകങ്ങളും പരിരക്ഷിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്മാരകങ്ങളും കോട്ടകളുമാണ് ഈ ഗണത്തിൽ പരിരക്ഷിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതു സംബന്ധിച്ച പ്രവൃത്തികൾ എന്നാരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണ്ണൂർ കോട്ട, ബേക്കൽ കോട്ട, തലശ്ശേരി കോട്ട എന്നിവയുടെ സംരക്ഷണാർത്ഥം കേന്ദ്ര പുരാവസ്തു വകുപ്പ് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. കണ്ണമം, തൊടിക്കളം മഹാദേവക്ഷേത്രം, അറയ്ക്കൽ കെട്ട്, ഏഴിമല കോട്ട എന്നിവ സംസ്ഥാന പുരാവസ്തു വകുപ്പിന്റെ ചുമതലയിൽ സംരക്ഷിക്കാൻ ഉദ്ദേശിക്കുന്നു.

(സി) സംസ്ഥാന പുരാവസ്തു വകുപ്പിന്റെ ചുമതലയിലുള്ള സ്മാരകങ്ങളുടെ സംരക്ഷണ പണികൾ കാലവർഷത്തിനുശേഷം ആരംഭിക്കാൻ പദ്ധതി തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly